بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**31-10-2025**

# തബൂക്ക് യുദ്ധസാഹചര്യം

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തശഹ്ഹുദ്, തഅവ്വുദ്, സൂറത്തുൽ ഫാത്തിഹ എന്നിവ പാരായണം ചെയ്ത ശേഷം ഹുസൂർ അൻവർ (അയ്യദഹുല്ലാഹു തആലാ ബി നസ്റിഹിൽ അസീസ്) പ്രസ്താവിച്ചു:

കുറച്ചു നാളുകളായി ഗസ്‌വ തബൂക്കിനെക്കുറിച്ചാണ് വിവരിച്ചു വരുന്നത്. നബിതിരുമേനി(സ)യുടെ ഈ യുദ്ധനീക്കത്തെ കുറിച്ച് ചരിത്രത്തിൽ ഇപ്രകാരം വന്നിരിക്കുന്നു: ഇസ്‌ലാമിക സൈന്യം യാത്രാമധ്യേ വിവിധ ഇടത്താവളങ്ങളിൽ താവളമടിച്ചിരുന്നു. ഈ യാത്രയിലുടനീളം ളുഹർ-അസർ, മഗ്‌രിബ്-ഇശാ നമസ്കാരങ്ങൾ സ്ഥിരമായി ജംആക്കി നിർവഹിച്ചിരുന്നു. ഈ യാത്രയിൽ ഹദ്‌റത്ത് അബ്ദുറഹ്മാൻ ബിൻ ഔഫിന് (റ) ഇമാമത്ത് (നമസ്കാര നേതൃത്വം) വഹിക്കാനുള്ള സൗഭാഗ്യം ലഭിക്കുകയുണ്ടായി.പ്രസ്തുത സൈന്യം സമൂദ് ഗോത്രത്തിന്റെ നഗരാവശിഷ്ടങ്ങളിലൂടെ കടന്നുപോകുകയുണ്ടായി. ഹിജ്റ് എന്നായിരുന്നു ആ സ്ഥലത്തിന്റെ പേര്. അത് മദീനയിൽ നിന്ന് തബൂക്കിലേക്ക് പോകുന്ന വഴിക്കാണ് സ്ഥിതി ചെയ്യുന്നത്. ആ പ്രദേശം ഇന്ന് മദാഇൻ സ്വാലിഹ് എന്ന പേരിലാണ് പ്രസിദ്ധം. നബിതിരുമേനി(സ) അവിടെയുള്ള കിണറിലെ വെള്ളം കുടിക്കുന്നതും അതുകൊണ്ട് വുദു എടുക്കുന്നതും വിലക്കുകയുണ്ടായി. നബിതിരുമേനി(സ) നിർദേശിച്ചു: അതിക്രമം ചെയ്തവരുടെ വാസസ്ഥലങ്ങളിൽ കരഞ്ഞുകൊണ്ടല്ലാതെ നിങ്ങൾ പ്രവേശിക്കരുത്. അവർക്ക് വന്നുഭവിച്ച ദുരന്തം നിങ്ങൾക്കും ബാധിക്കാതിരിക്കാൻ ശ്രദ്ധിക്കുക. പിന്നീട് നബിതിരുമേനി(സ) തന്റെ മേലങ്കി കൊണ്ട് മുഖം മറയ്ക്കുകയും വേഗത്തിൽ യാത്ര ചെയ്യുകയും ചെയ്തു. ഈ യാത്രയിൽ നബിതിരുമേനി(സ) യുടെ ഒട്ടകം കാണാതായ സംഭവവും രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു ആക്ഷേപകൻ പറഞ്ഞു: മുഹമ്മദ്(സ) താൻ നബിയാണെന്ന് വാദിക്കുന്നു. എന്നാൽ സ്വന്തം ഒട്ടകം എവിടെ പോയെന്ന് അദ്ദേഹത്തിന് അറിയില്ല. അതറിഞ്ഞപ്പോൾ നബിതിരുമേനി(സ) പറഞ്ഞു: അല്ലാഹുവാണ! അല്ലാഹു എനിക്ക് അറിയിച്ചു തരുന്നതല്ലാതെ എനിക്ക് ഒന്നും അറിയില്ല. അല്ലാഹു എനിക്ക് ഒട്ടകത്തെക്കുറിച്ച് അറിയിച്ചു തന്നിരിക്കുന്നു. അത് ഇന്ന ഇന്ന മലയിടുക്കുകളിലുണ്ട്.

ഈ യാത്രയിൽ യാത്രാവിഭവം അവസാനിച്ചിരുന്നു. ആളുകൾ കഠിനമായ വിശപ്പ് അനുഭവപ്പെട്ടപ്പോൾ റസൂലല്ലാഹ്(സ)യോട് വെള്ളം

കൊണ്ടുവരുന്ന ഒട്ടകങ്ങളെ അറുക്കുവാൻ അനുവാദം തേടുകയും നബിതിരുമേനി(സ) അതിന് അനുമതി നല്കുകയുമുണ്ടായി. ഇത റിഞ്ഞപ്പോൾ ഹദ്റത്ത് ഉമർ (റ) ഉണർത്തി: യാ റസൂലല്ലാഹ്(സ)! അങ്ങ് അങ്ങനെ ചെ യ്താൽ സവാരിമൃഗങ്ങൾ കുറഞ്ഞുപോകും. അതിനാൽ ആളുകളോട് അവരുടെ കൈവശ മുള്ള ബാക്കിയുള്ള പാഥേയം കൊണ്ടുവരാൻ കൽപ്പിക്കുക. എന്നിട്ട് അതിൽ ബർക്കത്തിന് വേണ്ടി പ്രാർഥിക്കുക. അങ്ങനെ തന്നെ സംഭ വിച്ചു. അല്ലാഹു അതിൽ എത്രയധികം അനു ഗ്രഹം ചൊരിഞ്ഞെന്നാൽ എല്ലാവരും വയ റുനിറയെ കഴിച്ചിട്ടും കുറച്ച് ബാക്കിയാകു കയുണ്ടായി.

ഈ യാത്രയിൽ ഗുണപാഠങ്ങളും മാർഗനിർദേ ശങ്ങളും നല്കുന്ന വിവിധ സംഭവങ്ങൾ അര ങ്ങേറുകയുണ്ടായി. ഉദാഹരണത്തിന് രണ്ടുപേർ തമ്മിൽ വഴക്കുണ്ടായി. അവരിൽ ഒരാൾ മറ്റേ യാളുടെ കൈയിൽ കടിച്ചു. കടികൊണ്ടയാൾ തന്റെ കൈ കടിക്കുന്നവന്റെ വായിൽ നിന്ന് വലിച്ചെടുത്തു. അപ്പോൾ കടിക്കുന്നവന്റെ മുൻ നിരയിലെ പല്ലുകളിൽ ഒന്ന് ഇളകിപ്പോയി. പല്ല് നഷ്ടപ്പെട്ടയാൾ ദിയത്ത് (നഷ്ടപരിഹാരം) ആവശ്യപ്പെട്ടു. നബിതിരുമേനി(സ) ആ അപേ ക്ഷ തള്ളിക്കൊണ്ട് അയാൾക്ക് നഷ്ടപരിഹാര ത്തിന് അർഹതയില്ല എന്നു പറഞ്ഞു. അവി ടുന്ന് ചോദിച്ചു: അവൻ പിന്നെ ഒട്ടകത്തിന്റെ വായിലെന്ന പോലെ താങ്കളുടെ വായിൽ തന്റെ കൈ ചവച്ചരയ്ക്കാൻ വേണ്ടി വിടണ മായിരുന്നോ? ദിയത്തിനെക്കുറിച്ചുള്ള വിധി യാഥാർഥ്യങ്ങൾക്കും സാഹചര്യങ്ങൾക്കും അനുസരിച്ചാണ് നല്കുന്നത്.

ഈ യാത്രാമധ്യേ നബിതിരുമേനി(സ) ഒരു ഈത്തപ്പഴത്തോട്ടം കണ്ടു. നബിതിരുമേനി (സ) സ്വഹാബികളോട് അതിൽ എത്ര ഈത്ത പ്പഴം ഉണ്ടാകും എന്ന് കണക്കാക്കാൻ ആവശ്യ പ്പെട്ടു. എല്ലാവരും ഊഹം നടത്തി. നബിതി രുമേനി(സ)യും എത്രയുണ്ടാകുമെന്ന് അനു മാനിച്ചു. തോട്ടത്തിന്റെ ഉടമസ്ഥ അവിടെ ഉണ്ടായിരുന്നു. നബിതിരുമേനി(സ) അവരോട് പറഞ്ഞു: നിങ്ങൾ തോട്ടത്തിലെ വിളവെടു ക്കുമ്പോൾ അതിന്റെ തൂക്കം ഓർത്തു വയ് ക്കണം. തബൂക്കിൽ നിന്ന് മടങ്ങുമ്പോൾ ആ സ്ത്രീയോട് എത്ര ഫലം ലഭിച്ചുവെന്ന് തിര ക്കിയപ്പോൾ അവർ പറഞ്ഞത് നബിതിരുമേനി (സ) കണക്കാക്കിയ അതേ അളവായിരുന്നു. പ്രസ്തുത യാത്രയിൽ ഒരുദിവസം നബിതി രുമേനി(സ) അന്ന് രാത്രി ശക്തമായ കാറ്റു ണ്ടാകും എന്നു പറഞ്ഞു. അങ്ങനെ തന്നെ സംഭവിച്ചു. ആ യാത്രയിൽ പല അത്ഭുത ദൃഷ്ടാന്തങ്ങളും പ്രകടമായി. ഉദാ: മഴ ലഭി ക്കുകയും ഭക്ഷണപാനീയങ്ങളിൽ വർധന വുണ്ടാകുകയും വറ്റിയ കിണറിൽ വെള്ളം നിറയുകയുമുണ്ടായി.

ഗസ്വ തബൂക്കിൽ പാറാവു ചുമതലയെക്കുറിച്ച് ഇപ്രകാരം രേഖപ്പെട്ടിട്ടുണ്ട്, നബിതിരുമേനി (സ) ഹദ്റത്ത് അബ്ബാദ് ബിൻ ബിശ്രിന്(റ) പ്രത്യേക സംരക്ഷണ ചുമതലയേൽപ്പിച്ചു. അദ്ദേഹം തന്റെ കൂട്ടുകാരോടൊപ്പം സൈന്യ ത്തിന് ചുറ്റും റോന്തുചുറ്റുമായിരുന്നു. ഒരു ദിവസം അദ്ദേഹം നബിതിരുമേനി(സ) യുടെ അടുത്ത് വന്ന് ഉണർത്തി: യാ റസൂലല്ലാഹ് (സ)! നേരം വെളുക്കുന്നതുവരെ ഞങ്ങൾക്ക് പിന്നിൽ നിന്ന് തക്ബീർ ധ്വനി മുഴങ്ങി കേൾ ക്കുകയുണ്ടായി. മറ്റാരോടെങ്കിലും കാവലിനാ യി ചുറ്റികറങ്ങാൻ അങ്ങ് കൽപ്പിച്ചിരുന്നോ? അവിടുന്ന് പറഞ്ഞു: ഇല്ല, ഞാൻ അങ്ങനെ ചെയ്തിട്ടില്ല. ഒരുപക്ഷേ ചില മുസ്‌ലിങ്ങൾ സ്വമേധയാ ഈ ജോലി ചെയ്യുന്നതാകാം. അപ്പോൾ ചുമതലപ്പെട്ടിട്ടില്ലെങ്കിലും പ്രവാചക സ്നേഹം കാരണം സ്വയം ഈ ജോലി ചെയ് തിരുന്ന ഹദ്റത്ത് സൽഖാൻ ബിൻ സലാമ(റ) ഇപ്രകാരം ബോധിപ്പിച്ചു: യാ റസൂലല്ലാഹ്! ഞാൻ എന്റെ പത്ത് കുതിരപ്പടയാളികളായ മുസ്‌ലീങ്ങളോടൊപ്പം പുറപ്പെട്ട് ഡ്യൂട്ടിയിലു ള്ളവർക്ക് സംരക്ഷണം നല്കുകയായിരുന്നു. അപ്പോൾ അവിടുന്ന് പ്രാർഥിച്ചുകൊണ്ട് പറഞ്ഞു: അല്ലാഹു ദൈവമാർഗത്തിൽ കാവൽ നിൽക്കുന്നവർക്ക് സംരക്ഷണം നല്കുന്നവ രോട് കരുണ കാണിക്കട്ടെ. നിങ്ങൾ സംര ക്ഷണം നല്കിയ ഓരോ മനുഷ്യജീവനും മൃഗത്തിനും പകരമായി നിങ്ങൾക്ക് ഓരോ ഖീറാത്ത് പ്രതിഫലം ലഭിക്കുന്നതാണ്. (ഒരു ഖീറാത്ത് ഏകദേശം രണ്ട് ഗ്രാം സ്വർണ്ണം

തൂക്കമുണ്ട്).
ഒരു നിവേദനത്തിൽ വന്നിരിക്കുന്നു: തബൂക്ക് യാത്രയിൽ ഓരോ താവളത്തിലും ചിലർ പിറകിലാകുമായിരുന്നു. സ്വഹാബികൾ നബിതിരുമേനി(സ)യോട് യാ റസൂലല്ലാഹ്(സ)! ഇന്ന് ഇന്നയാൾ പിന്നോട്ട് പോയി എന്ന് ഉണർത്തുമ്പോൾ, അവിടുന്ന് പറയുമായിരുന്നു: നിങ്ങളവനെ വിട്ടേക്കുക. അവനിൽ എന്തെങ്കിലും നന്മയുണ്ടെങ്കിൽ അല്ലാഹു അവനെ നിങ്ങളോടൊപ്പം ചേർക്കും. ഇനി അതല്ലാത്ത മറ്റെന്തെങ്കിലുമാണ് അവനിലുള്ളതെങ്കിൽ അല്ലാഹു അവനിൽ നിന്ന് നിങ്ങൾക്ക് മോചനം നല്കും. ഇതിനിടയിൽ ഹദ്റത്ത് അബൂദർറിന്റെ(റ) ഒട്ടകം അദ്ദേഹത്തെ വല്ലാതെ ബുദ്ധിമുട്ടിക്കുകയും തീർത്തും നിഷ്ക്രിയമാകുകയും ചെയ്തപ്പോൾ അദ്ദേഹം അതിൽ നിന്ന് ഇറങ്ങി തന്റെ സാധനങ്ങൾ പുറത്ത് ചുമന്ന് നബി നബിതിരുമേനി(സ) യുടെ പിന്നാലെ കാൽനടയായി യാത്ര തുടർന്നു. കുറച്ച് വഴിയമ്പലങ്ങൾ പിന്നിട്ട ശേഷം നബിതിരുമേനി(സ) ഒരിടത്ത് താവളമടിച്ചു. അപ്പോൾ മുസ്‌ലീങ്ങളിൽ ഒരാൾ നോക്കിയിട്ട് പറഞ്ഞു: യാ റസൂലല്ലാഹ്! വഴിയിൽ ഒരാൾ ഒറ്റയ്ക്ക് നടന്നു വരുന്നു! അപ്പോൾ അവിടുന്ന് പറഞ്ഞു: കുൻ അബാദർറ് (അബൂദർറ് ആയിരുന്നെങ്കിൽ). പിന്നീട് ആളുകൾ സൂക്ഷിച്ച് നോക്കിയിട്ട് പറഞ്ഞു: യാ റസൂലല്ലാഹ്! അല്ലാഹുവാണ, അത് അബൂദർറ് തന്നെയാണ്! അപ്പോൾ അവിടുന്ന് പറഞ്ഞു: അല്ലാഹു അബൂദർറിനോട് കരുണ കാണിക്കട്ടെ. അദ്ദേഹം ഒറ്റയ്ക്ക് നടന്നു, ഒറ്റയ്ക്ക് മരിക്കും, ഒറ്റയ്ക്ക് ഉയിർത്തെഴുന്നേൽക്കും.
നബിതിരുമേനി(സ) ഹദ്റത്ത് അബൂദർറ് ഒറ്റക്കാവുന്നതിനെക്കുറിച്ച് പറഞ്ഞത് ഹദ്റത്ത് ഉസ്മാൻ(റ) ന്റെ ഖിലാഫത്ത് കാലത്ത് അക്ഷരംപ്രതി പുലർന്നു. അന്ന് അദ്ദേഹം കുടുംബസമേതം മദീനയിൽ നിന്നും വളരെ ദൂരെയുള്ള സ്ഥലത്ത് താമസമാക്കി. അദ്ദേഹം മരണാസന്നനായപ്പോൾ ഭാര്യ പരിഭ്രമിച്ചു. അപ്പോൾ ഹദ്റത്ത് അബൂദർറ് (റ) അവരോട് പരിഭ്രമിക്കരുത് എന്ന് പറഞ്ഞു. എന്നിട്ട് പറഞ്ഞു: റസൂലുല്ലാഹി(സ) ഞങ്ങളോടു ഒരിക്കൽ നിങ്ങളിൽ ഒരാൾ ഈ മരുഭൂമിയിൽ വച്ച് മരിക്കുമെന്നും അദ്ദേഹത്തിന്റെ ജനാസ നമസ്കാരത്തിൽ ഒരു കൂട്ടം സത്യവിശ്വാസികൾ പങ്കെടുക്കുമെന്നും പറഞ്ഞിരുന്നു. എന്നിട്ട് അദ്ദേഹം തന്റെ ഭാര്യയോട് പറഞ്ഞു: നബിതിരുമേനി(സ) ഈ കാര്യം പറഞ്ഞപ്പോൾ അവിടെയുണ്ടായിരുന്നവരെല്ലാം ഇതിനകം മരണപ്പെട്ടു. ഈ മരുഭൂമിയിൽ ഒറ്റയ്ക്ക് ആരും മരിച്ചിട്ടുമില്ല. ഇനിയുള്ളത് ഞാൻ മാത്രമാണ്. നീ പരിഭ്രമിക്കേണ്ട. ഞാൻ മരിച്ചാൽ എന്റെ മയ്യിത്ത് കുളിപ്പിച്ച് മദീനയിലേക്കുള്ള വഴിയിൽ വയ്ക്കുക. അവർ അങ്ങനെ തന്നെ ചെയ്തു. കുറച്ച് സമയം കഴിഞ്ഞപ്പോൾ, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) തന്റെ കൂട്ടുകാരോടൊപ്പം അതുവഴി കടന്നുപോകുകയായിരുന്നു. അവർ ഇറാഖിൽ നിന്ന് ഉംറ ചെയ്യാനായി പോകുകയായിരുന്നു. ഇത് ഹദ്റത്ത് അബൂദർറിന്റെ(റ) ജനാസയാണെന്ന് അറിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ ഈറനണിഞ്ഞു. കരഞ്ഞുകൊണ്ട് പറഞ്ഞു: അബൂദർറ് ഒറ്റയ്ക്ക് നടന്നു, ഒറ്റയ്ക്ക് മരിക്കും എന്ന് റസൂലുല്ലാഹ്(സ) പറഞ്ഞത് സത്യമായിരിക്കുന്നു. എന്നിട്ട് അദ്ദേഹം തന്റെ കൂട്ടുകാരോടൊപ്പം അബൂദർറ്(റ)ന്റെ ജനാസ നമസ്കരിക്കുകയും അദ്ദേഹത്തെ അവിടെത്തന്നെ മറമാടുകയും ചെയ്തു.
ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് പറഞ്ഞു: റബ്‌വയിലെ പള്ളിയിൽ നടന്ന ആക്രമണത്തിൽ പരിക്കേറ്റവർക്കുവേണ്ടി പ്രാർഥിക്കുക. ഗുരുതരമായി പരിക്കേറ്റവരെ അല്ലാഹു തന്റെ സംരക്ഷണത്തിൽ വയ്ക്കുകയും, വേഗത്തിൽ പൂർണ സൗഖ്യം പ്രദാനം ചെയ്യുകയും ചെയ്യട്ടെ. പാകിസ്ഥാനിലെ എതിരാളികളുടെ എല്ലാ പദ്ധതികളെയും അല്ലാഹു പരാജയപ്പെടുത്തട്ടെ. റബ്‌വയിൽ ഇന്ന് ഖത്മെ നുബുവ്വത്തിന്റെ പേരിൽ സമ്മേളനം നടക്കുന്നുണ്ട്. അവിടെ മൗലവിമാർ വൃത്തികേടുകളും തോന്ന്യാസങ്ങളും പുലമ്പുന്നു. അല്ലാഹു അവരുടെ ഉപദ്രവത്തിൽ നിന്ന് (അഹ്മദികളെ) സംരക്ഷിക്കട്ടെ.
അതുപോലെ ബംഗ്ലാദേശിലെ അഹ്മദികൾക്കുവേണ്ടിയും പ്രാർഥിക്കുക. അവിടെയും എതിരാളികളുടെ ദുരുദ്ദേശങ്ങൾ പ്രകടമാണ്.

അവിടെയും ഓരോ അഹ്മദിയെയും അല്ലാഹു സംരക്ഷിക്കട്ടെ.

ഫലസ്തീനുകാർക്കുവേണ്ടിയും പ്രാർഥിക്കുക. അല്ലാഹു അവരോട് കരുണ കാണിക്കുകയുംഅക്രമികളിൽ നിന്ന് മോചനം നല്കുകയും ചെയ്യട്ടെ. വെടിനിർത്തൽ എന്ന് പറയുന്നത് പേരിന് മാത്രമാണെന്ന് കഴിഞ്ഞ രണ്ട് ദിവസങ്ങളിൽ നടന്ന സംഭവങ്ങൾ തെളിയിച്ചിരിക്കുന്നു. അല്ലാഹു ആ മർദ്ദിതരെ അക്രമത്തിൽ നിന്ന് രക്ഷിക്കുകയും അക്രമികളെ പിടികൂടുകയും ചെയ്യുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ
بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ
يُضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ
وَالْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**

ISLAMABAD UK ON 31.10.2025

SUMMARIZED BY MAJLIS ANSARULLAH BHARAT

MALAYALAM TRANSLATION BY AMNAS PK

FOR MALAYALAM DESK, QADIAN

PUBLISHED BY NAZARAT NASHR-O-ISHAAT,

SADR ANJUMAN AHMADIYYA QADIAN 143516